കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വിളക്കുടി ഗ്രാമപഞ്ചായത്ത് -2018 -19 വാർഷിക പദ്ധതിലുൾപ്പെട്ട പട്ടികജാതി വിഭാഗം കക്കൂസ് നിർമ്മാണം സ്പിൽ ഓവർ പദ്ധതി (പ്രൊജക്റ്റ് നമ്പർ SO 242/ 19)- എസ്.സി.പി. വിഹിതത്തിലുള്ള സേവിംഗ്സ് ഫണ്ടും തനതുഫണ്ടും ഉപയോഗിച്ച് പദ്ധതി പൂർത്തീകരിക്കുന്നത് - അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 515 /2019/തസ്വഭവ — തിരുവനന്തപുരം, തീയതി, 05.03.2019

പരാമർശം :- 1 വിളക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.11.2018-ലെ കത്ത് .

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05/02/2019-ലെ 4.33 നമ്പർ തീരുമാനം.

ഉത്തരവ്

വിളക്കുടി ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തിൽ ,എസ്.സി.പി. പ്ലാൻ ഫണ്ടും ശുചിത്വ മിഷൻ ഫണ്ടും ഉപയോഗിച്ച് പട്ടികജാതി കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മാണത്തിന് പ്രോജക്റ്റ് ഉൾപ്പെടുത്തിയിരുന്നു 25 പേർക്ക് 3,400/- രൂപ വീതമായി ഒന്നാം ഗഡു നൽകി ശുചിത്വ മിഷൻ വിഹിതം ലഭിച്ചില്ല പ്രസ്തുത പദ്ധതി സ്പിൽ ഓവർ പദ്ധതിയായി തുടർന്നു. ഗുണഭോക്താക്കൾക്ക് ഫൈനൽ തുക അനുവദിക്കുന്നതിന് 3,00,000/- രൂപ വേണം. എസ്.സി.പി. വിഹിതത്തിലുള്ള സേവിംഗ്സ് തുകയായ 261800 രൂപയും തനതുഫണ്ടിൽ നിന്ന് 38200 രൂപയും ഉപയോഗിച്ച് എഗ്രിമെന്റ് വച്ച 25 പേർക്ക് അവസാന ഗഡു നൽകാൻ അനുമതിക്കായി വിളക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.02.2019 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു പ്രസ്തുത യോഗത്തിന്റെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ,വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2018 -19 വാർഷിക പദ്ധതിയിലുൾപ്പെട്ട പട്ടികജാതി വിഭാഗം കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മാണവുമായി ബന്ധപ്പെട്ട സ്പിൽ ഓവർ പദ്ധതിക്ക് എസ്.സി.പി. വിഹിതത്തിലുള്ള സേവിംഗ്സ് തുകയായ 261800 രൂപയും തനതുഫണ്ടിൽ നിന്ന് 38200 രൂപയും ഉപയോഗിച്ച് എഗ്രിമെന്റ് വച്ച 25 പേർക്ക് അവസാന ഗഡു നൽകാൻ വിളക്കുടി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, വിളക്കുടി ഗ്രാമപഞ്ചായത്ത്,കൊല്ലം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ